പത്രക്കുറിപ്പ്
16-6-2018

തെരുവുനായ നിയന്ത്രണ പദ്ധതി

**കുടുംബശ്രീ സംസ്ഥാനതല ഫോട്ടോഗ്രാഫി**

**ലോഗോ രൂപകല്‍പന മത്സരം:**

## തീയതി നീട്ടി

തിരുവനന്തപുരം: കുടുംബശ്രീ മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന തെരുവുനായ നിയന്ത്രണ പദ്ധതിയുടെ പ്രാധാന്യവും ആവശ്യകതയും കൂടുതല്‍ ജനങ്ങളിലേക്കെത്തിക്കുന്നതിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന ഫോട്ടോഗ്രാഫി, ലോഗോ രൂപകല്‍പന- സംസ്ഥാനതല മത്സരത്തില്‍ എന്‍ട്രികള്‍ സമര്‍പ്പിക്കാനുള്ള അവസാന തീയതി ജൂലൈ(2018) അഞ്ചു വരെ നീട്ടി. മത്സരത്തില്‍ ആര്‍ക്കും പങ്കെടുക്കാം. മത്സരത്തില്‍ വിജയികളാകുന്നവര്‍ക്ക് രണ്ടു വിഭാഗത്തിലും യഥാക്രമം ഒന്നാം സമ്മാനം 10,000 രൂപയും മെമന്റോയും രണ്ടാം സമ്മാനം 5,000 രൂപയും മെമന്റോയും നല്‍കും.

ഫോട്ടോഗ്രാഫി മത്സരത്തിന് 'തെരുവുനായപ്രശ്നം' എന്നതാണ് വിഷയം. ഒരാള്‍ ഒരു എന്‍ട്രി മാത്രമേ അയക്കാവൂ. .jpeg ഫോര്‍മാറ്റില്‍ തയ്യാറാക്കിയ ഫോട്ടോകള്‍ abcphotospem@gmail.com എന്ന ഇ-മെയിലിലേക്കാണ് അയക്കേണ്ടത്.

തെരുവുനായ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി നടത്തുന്ന ബോധവല്‍ക്കരണ ക്യാമ്പെയ്ന്‍ 'സുരക്ഷ-2018' നു വേണ്ടിയാണ് ലോഗോ രൂപകല്‍പന ചെയ്യേണ്ടത്. ഒരാള്‍ക്ക് പരമാവധി മൂന്നു ലോഗോ വരെ സമര്‍പ്പിക്കാം. ലോഗോ .jpeg ഫോര്‍മാറ്റില്‍ 300dpi റെസൊല്യൂഷനുള്ള 3"x3" സൈസിലുള്ള ഫയലുകളായി abcphotospem@gmail.com എന്ന ഇ-മെയിലിലേക്കാണ് അയക്കേണ്ടത്. എന്‍ട്രികള്‍ ലഭിക്കേണ്ട അവസാന തീയതി 2018 ജൂലൈ ഒന്ന്. മത്സരാര്‍ത്ഥികള്‍ അവരുടെ പാസ്പോര്‍ട്ട് സൈസ് ഫോട്ടോ, പേര്, മേല്‍വിലാസം, മൊബൈല്‍ നമ്പര്‍, ഇ-മെയില്‍ അഡ്രസ് സഹിതമാണ് എന്‍ട്രികള്‍ അയക്കേണ്ടത്.

സംസ്ഥാനത്ത് കുടുംബശ്രീ മുഖേന 556 പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പാക്കുന്നത്. ഇതുവഴി 16216 തെരുവുനായ്ക്കളെ ഇതിനകം വന്ധ്യംകരിച്ചിട്ടുണ്ട്.

(ഈ വാര്‍ത്ത സ്റ്റേറ്റ് പേജില്‍ നല്‍കണമെന്ന് താല്‍പര്യപ്പെടുന്നു)

എക്സിക്യൂട്ടീവ് ഡയറക്ടര്‍
കുടുംബശ്രീ